പരിശോധനകൾ നടത്തിയും കറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവര ശേഖരണത്തിന് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് കാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/ സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും റെയ്ഡുകൾ നടത്തി ഇത്തരം ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ സെമിനാറുകളും പി.ടി.എ. യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാഭ്യാസവകുപ്പിന് പുറമെ ആഭ്യന്തര, ആരോഗ്യ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ., കച്ചവടക്കാർ, ഓട്ടോ/ടാക്സി ഡ്രൈവർമാർ, അതാത് പ്രദേശത്തെ റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവർ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചുവരുന്നു.

പോലീസ് സേനയിലെ വനിതാ ജീവനക്കാർ

184 (3004) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ നിലവിൽ എത്ര ശതമാനം വനിതാ ജീവനക്കാരുണ്ട് ; ഇത് 33 ശതമാനം ആയി ഉയർത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിലെ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിർദ്ദേശങ്ങളിൽ, സംസ്ഥാന സർക്കാർ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) വനിതാ ജീവനക്കാരുടെ എണ്ണം 33 ശതമാനമാക്കുന്നതിനായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നും എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ നിയമനം നൽകി എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി നിർഭയം ചെല്ലുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) 6 ശതമാനം. സംസ്ഥാന പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 33 ശതമാനമാക്കി ഉയർത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും 60 വനിതാ എസ്.ഐ.മാരുടെയും തസ്തിക സൃഷ്ടിക്കുകയുണ്ടായി.

(ബി) ലോക്സഭാ സ്ത്രീ ശാക്തീകരണ കമ്മിറ്റിയുടെ 21-ാം റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന ശിപാർശകൾ നൽകിയിട്ടുണ്ട് :

1. പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം 33 ശതമാനമായി വർദ്ധിപ്പിക്കുക.

2. എൻ.സി.സി. 'സി' സർട്ടിഫിക്കറ്റുള്ള വനിതാ ഉദ്യോഗാർത്ഥികൾക്ക് പോലീസ് സേനയിലെ നിയമനത്തിൽ മുൻഗണന നൽകുക.

3. പോലീസ് സേനയിലെ സ്ത്രീകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കുക.

4. 12-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടുകൂടി പോലീസ് സേനയിലെ സ്ത്രീകളുടെ കുട്ടികളുടെ സംരക്ഷണാർത്ഥം Day Care/Creche എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുക.

5. സ്ത്രീകൾക്കുമാത്രമുള്ള പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കുക.

ഇതിൽ പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പുതിയതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും 60 വനിതാ എസ്.ഐ.മാരുടെയും തസ്തിക സൃഷ്ടിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 594 പേർക്ക് വനിതാ കോൺസ്റ്റബിൾ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദമാക്കുന്നതിനായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിൽ ചെന്ന് നിർഭയം പരാതി നൽകാവുന്നതാണ്. കൂടാതെ, ജില്ലയൊട്ടാകെ അധികാരപരിധിയുള്ള ആറ് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ജനമൈത്രി പോലീസ്

185 (3005) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലെ അംഗസംഖ്യക്ക് പുറമെ എത്ര പോലീസ് ഉദ്യോഗസ്ഥരെ അധികമായി അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിൽ പ്രസ്തുത സംവിധാനമുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചേർത്തല, ആലപ്പുഴ നോർത്ത്, കായംകുളം, പുളിക്കുന്ന്, കുത്തിയതോട്, ഹരിപ്പാട്, മാവേലിക്കര, മാരാരിക്കുളം, പുന്നപ്ര, ചെങ്ങന്നൂർ, നെടുമുടി, ആലപ്പുഴ സൗത്ത്, മണ്ണാഞ്ചേരി, തൃക്കുന്നപ്പുഴ എന്നീ 14 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി&സി) ആലപ്പുഴ ജില്ലയിൽ ജനമൈത്രി സംവിധാനം ഏർപ്പെടുത്തിയിരുന്ന 10 പോലീസ് സ്റ്റേഷനുകളിലേക്ക് 2011 വർഷത്തിൽ 4 സി.പി.ഒ. മാരുടെയും ഒരു വനിതാ സി.പി.ഒ. യുടെയും വീതം തസ്തികകൾ അധികമായി അനുവദിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ അധിക തസ്തിക അനുവദിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ എല്ലാ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ അനുവദിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly